**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4295** **28-10-2021 - ൽ മറുപടിയ്ക്ക്**

**എനർജി എക്സ്ചേഞ്ച് മുഖേനയുള്ള വൈദ്യുതി വില്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതി എനർജി എക്സ്ചേഞ്ച് മുഖേന വിൽക്കുന്നുണ്ടോ ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ജലവൈദ്യുത നിലയങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി, സംസ്ഥാനത്തിന്റെ ആവശ്യകത കഴിഞ്ഞ് ലഭ്യമാകുന്ന സമയങ്ങളിൽ എക്സ്ചേഞ്ച് വഴി വിൽക്കുന്നുണ്ട്. |
| (ബി) | കൽക്കരി ക്ഷാമത്തെ തുടർന്നുള്ള വൈദ്യുതി പ്രതിസന്ധിയുടെ സാഹചര്യത്തിൽ പ്രസ്തുത വൈദ്യുതി വിൽപന പവർകട്ടിന് കാരണമാകുമോ; വിശദമാക്കുമോ? | (ബി) | അതാതു സമയത്തെ വൈദ്യുതി ലഭ്യതയും ആവശ്യകതയും തമ്മിലുള്ള അന്തരം അനുസരിച്ച് മിച്ചം വരുന്ന വൈദ്യുതി മാത്രമാണ് ഇപ്പോൾ വില്പന നടത്തുന്നത്. അതിനാൽ പ്രസ്തുത വൈദ്യുതി വില്പന പവർകട്ടിന് കാരണമാകുന്നില്ല. |

സെക്ഷൻ ഓഫീസർ